**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4324** — **18-07-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സൗരപദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സോളാർ സ്ഥാപിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് '**സൗര**'. സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. 'സൗര' പുരപ്പുറ സോളാർ പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് 'ഫേസ്-I നോൺ സബ്സിഡി സ്കീം'. ഈ പദ്ധതിയിൽ നിലവിൽ 21.4 MW ന്റെ 1,837 നിലയങ്ങൾ പൂർത്തീകരിച്ചു. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.<br><br>സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. ഇതിൽ 1 മുതൽ 3 KW ശേഷിവരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിന് 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 KW ന് മുകളിൽ സബ്സിഡി ഇല്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW ന് മുകളിൽ 500 KW വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ നിലവിൽ 41.56 MW ന്റെ 11334 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 34.28 MW ന്റെ 9409 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>പദ്ധതിക്കായി ആദ്യ ടെൻഡർ മുഖാന്തരം 3 ഡെവലപ്പർമാരെയാണ് തെരഞ്ഞെടുത്തത്. തുടർന്ന് പദ്ധതി ഊർജ്ജിതമാക്കാൻ രണ്ടാമത്തെ ടെൻഡർ വഴി 7 ഡെവലപ്പർമാരെയും മൂന്നാമത്തെ ടെൻഡർ |

| | | | |
|---|---|---|---|
| | | | വഴി 33 ഡെവലപ്പർ മാരേയും കൂടി എം-പാനൽ ചെയ്ത് പദ്ധതി പുരോഗമിക്കുന്നു. കൂടാതെ ഡെവലപ്പർമാരുടേയും ഇൻവെർട്ടർ നിർമ്മാതാക്കളുടേയും യോഗങ്ങൾ നടത്തുക യുണ്ടായി. പൊതുജനങ്ങൾക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ബോധ്യപ്പെടുത്താനും പദ്ധതിയിൽ ചേരുവാനുമായി എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയുണ്ടായി. സമൂഹമാധ്യമങ്ങൾ വഴി പദ്ധതിയെ കുറിച്ച് ജനങ്ങളെ അറിയിക്കുകയുണ്ടായി. സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനായി ട്രാക്കിംഗ് സംവിധാനത്തോടെ **E-Kiran** മാനേജ്മെന്റ് പോർട്ടൽ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. 'സൗര' പദ്ധതി വേഗത്തി ലാക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സഹകരണവും ഉറപ്പാക്കുന്നുണ്ട്.<br><br>സൗര പുരപ്പുറ പദ്ധതിയിൽ ആകെ 62.96 MW ശേഷിയുടെ 13,171 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 44.44 MW ന്റെ 10911 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>സൗരപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പുരപ്പുറ സോളാർ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഗാർഹിക ഉപഭോക്താക്കൾക്കുള്ള പുരപ്പുറ സോളാർ സബ്സിഡി പദ്ധതിയിൽ കെ. എസ്. ഇ. ബി. എൽ. മുഖേന 41.56 MW ന്റെ 11,334 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 34.28 MW - ന്റെ 9409 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 292 വീടുകളിലായി ആകെ ഒരു മെഗാവാട്ട് ഉല്പാദന ശേഷിവരുന്ന സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ